Reg No:..................

Name :..................

K25FY2101

# Second Semester FYUGP Malayalam Examination
# APRIL 2025 (2024 Admission onwards)
# KU2AECMAL104 (DRISHYAKALASAHITHYAM)

(DATE OF EXAM: 24-4-2025)

JYOTHI COLLEGE KANNUR DT. 670511 POST BAG No. 5, CHERUPUZHA

Time : 90 min Maximum Marks : 35

## Part A (Answer any 6 questions. Each carries 2 marks)

1. മുടിയേറ്റ് എന്ന കലാരൂപത്തിന്റെ ഇതിവൃത്തം എന്താണ്? 2

2. കഥകളിയേക്കാൾ യൂറോപ്യൻ ഓപ്പറയോടാണ് ചവിട്ടുനാടകത്തിന് ബന്ധം - ഇങ്ങനെ പറയാൻ കാരണമെന്ത്? 2

3. യൗവനം വന്നുദിച്ചിട്ടും ചെറുതായില്ല ചെറുപ്പം - സന്ദർഭവും ആശയവും എഴുതുക. 2

4. വേലികൾ തന്നെ വിളവു മുടിച്ചാൽ
   കാലികളെന്തു നടന്നീടുന്നു?
   - വരികളിലെ സൂചിതം എന്താണ്? 2

5. സബർമതി ദൂരെയാണ് എന്ന നാടകത്തിൽ വേണു എന്ന കഥാപാത്രം സബർമതി , നവഖലി എന്നിവയെ പരിചയപ്പെടുത്തുന്നത് എങ്ങനെയാണ്? 2

6. മാധവൻ: അച്ഛൻ ശുദ്ധനായിരുന്നു. ദേവൻ: നിറവുള്ള കയ്യാ അള്ള തള്ളാ - സബർമതി ദൂരെയാണ് എന്ന നാടകത്തിലെ ഈ സംഭാഷണങ്ങൾക്കിടയിൽ തെളിഞ്ഞുവരുന്ന അച്ഛൻ എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക. 2

7. കവി പരിചയം നടത്തുക - കുഞ്ഞുണ്ണി മാഷ് 2

8. കുരുമുളകിനോളം വലുപ്പമുള്ള കസ്തൂരാദി ഗുളികയെ പരാമർശിച്ചുകൊണ്ടാണ് "കവി കുഞ്ഞുണ്ണി മാഷ്" എന്ന ഡോക്യുമെൻററി ആരംഭിക്കുന്നത് -ഇതിലെ സാംഗത്യം എന്ത് ? 2

## Part B (Answer any 4 questions. Each carries 4 marks)

9. തിരുവാതിരകളി, പൂരക്കളി എന്നീ കലാരൂപങ്ങളെ കുറിച്ച് കുറിപ്പുകൾ തയ്യാറാക്കുക. 4

10. പാശ്ചാത്യ - പൗരസ്ത്യ സംസ്കാരങ്ങളുടെയും കലാരീതികളുടെയും സമന്വയമാണ് ചവിട്ടുനാടകം എന്ന കലാരൂപം - സമർത്ഥിക്കുക. 4

11. കുരള പറഞ്ഞു നടന്നു വരുന്നൊരു
    വിദ്വാന്മാർക്കൊരു വകയുണ്ടായി.
    കിംവദന്തികൾ പ്രചരിപ്പിക്കുന്ന മനുഷ്യരെ സ്യമന്തകം തുള്ളലിൽ കുഞ്ചൻ നമ്പ്യാർ പരിഹസിക്കുന്നതെങ്ങനെയാണ്? 4

12. കള്ളന്മാരെ കട്ടുഭജിച്ചാൽ
    പള്ളപൊറുപ്പാനാവതുമില്ല. - സന്ദർഭവും ആശയവും വിശദമാക്കുക. 4

13. റോസി എന്ന നായിക മലയാള സിനിമയിലെ സവർണ്ണ പുരുഷ കേന്ദ്രീകൃതമായ കാഴ്ചപ്പാടിന്റെ ഇരയായി മാറിയത് എങ്ങനെ? 4

14. ശിശുസഹജമായ ലാളിത്യമാണ് കുഞ്ഞുണ്ണി കവിതകളുടെ സവിശേഷതകളിൽ ഒന്ന് - ഉദാഹരണസഹിതം വിശദമാക്കുക. 4

## Part C (Answer any 1 question(s). Each carries 7 marks)

15. ന്യൂജനറേഷൻ സിനിമകളുടെ വരവോടെ മലയാള സിനിമയിൽ സംഭവിച്ച മാറ്റങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക. 7

16. വർത്തമാനകാല സാമൂഹിക ജീവിതത്തിന്റെ സൂക്ഷ്മമായ ചിത്രങ്ങൾ വരച്ചിടാൻ നെറ്റ് കോൾ എന്ന ഹ്രസ്വചിത്രത്തിന് സാധിച്ചിട്ടുണ്ടോ? നിരീക്ഷണങ്ങൾ അവതരിപ്പിക്കുക. 7